**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1204** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ തോരായിക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കോഴിക്കോട് ജില്ലയിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരതുക വിതരണം ചെയ്യുന്ന നടപടികളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കോഴിക്കോട് LA കിഫ്ബി വിഭാഗത്തിൽ പുരോഗമിക്കുന്നു. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, ആർ ആർ പാക്കേജ് എന്നിവ അംഗീകരിച്ചിട്ടുണ്ട്. ആർ എഫ് സി ടി എൽ എ ആർ ആർ അക്ട് 2013 സെക്ഷൻ 19(1) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. |
| (ബി) | ഭൂമി വിട്ട് നൽകിയവർക്ക് എത്ര സമയത്തിനുള്ളിൽ നഷ്ടപരിഹാര തുക വിതരണം ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | (ബി) | മേൽ പദ്ധതിയുടെ ഏകദേശ LA കോസ്റ്റായി 2,50,00,000/- രൂപ കണക്കായിട്ടുണ്ട്. ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 83,37,958/- രൂപയാണ് ഭൂമി ഏറ്റെടുക്കലിന് വേണ്ടി എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (സി) | ഭൂമി ഏറ്റെടുക്കലിന് വേണ്ടി മാത്രം എത്ര രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) | മേൽ പദ്ധതിയുടെ ഏകദേശ LA കോസ്റ്റായി 2,50,00,000/- രൂപ കണക്കായിട്ടുണ്ട്. ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 83,37,958/- രൂപയാണ് ഭൂമി ഏറ്റെടുക്കലിന് വേണ്ടി എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | അവാർഡ് തുക വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഇനി എന്തെല്ലാം നടപടികളാണ് ചെയ്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | 19(1) പ്രഖ്യാപനം, ഡി വി എസ് തയ്യാറാക്കൽ, അവാർഡ് എന്നീ നടപടികളാണ് ചെയ്ത് തീർക്കാനുള്ളത്. |
| (ഇ) | പാലത്തിന്റെ ഇരുഭാഗങ്ങളുമായി എത്ര പേരുടെ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആകെ എത്ര സെന്റ് സ്ഥലം നിർമ്മാണത്തിനായി ഏറ്റെടുക്കണമെന്നും വ്യക്തമാക്കാമോ? | (ഇ) | പാലത്തിന്റെ ഇരു ഭാഗത്തായി 14 പേരുടെ ഏകദേശം 90സെന്റ് (0.358 ഹെക്ടർ) ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത് . |

സെക്ഷൻ ഓഫീസർ